വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഇല്ല.

(ബി) ഉണ്ട്. ഉൽപ്പാദനക്ഷമത കൂട്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നെയ്ത്തുകാർക്ക് പ്രചോദന പരിപാടി 2012-13 മുതൽ നടപ്പിലാക്കി വരുന്നു. പുതിയ ആൾക്കാരെ കണ്ടെത്തി നെയ്ത്തിൽ പരിശീലനം നൽകി നെയ്ത്ത് മേഖലയിലേക്ക് കൊണ്ടു വന്നു. ഉൽപ്പാദനം കൂട്ടുന്നതിനുള്ള നടപടികൾ എടുത്ത് വരുന്നു. കൈത്തറി മേഖലയിൽ പുതിയ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സംരംഭകരെ സഹായിക്കുന്നതിനായി 2012 സാമ്പത്തിക വർഷം മുതൽ സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കുറഞ്ഞത് 10 തറിയെങ്കിലും സ്ഥാപിച്ച് നെയ്ത്ത് തുടങ്ങുന്നതിന് ഈ പദ്ധതി പ്രകാരം ഫിക്സഡ് ക്യാപ്പിറ്റലിന്റെ 40%-വും (പരമാവധി 4 ലക്ഷം രൂപയും) വർക്കിംഗ് ക്യാപ്പിറ്റലിന്റെ 30%വും (പരമാവധി 1.50 ലക്ഷം രൂപയും) മാർജിൻ മണി സഹായമായി നൽകുന്നു. പദ്ധതി ചെലവിന്റെ 10% സംരഭകൻ എടുത്തിരിക്കണം. വിവിധ ജില്ലകളിലായി 38 പേർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. 38 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും മാസ്റ്റർ വീവേഴ്സിനെ സഹായിക്കുന്നതിനും, മാർജിൻ മണി ഗ്രാന്റ്, ടെക്നോളജി അപ്ഗ്രഡേഷൻ, തറി വാങ്ങുന്നതിനും, പുതിയ ഡിസൈൻ, പരിശീലനം എന്നിവയ്ക്കായി 1,28,125 രൂപ നൽകി വരുന്നു. ആകെ 73 മാസ്റ്റർ വീവേഴ്സിന് ഈ പദ്ധതി പ്രകാരം കഴിഞ്ഞ 3 വർഷങ്ങളിൽ ഗ്രാന്റ് നൽകുകയുണ്ടായി.

സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളുടെ പിരിച്ചുവിടൽ

16(*346) ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളെ നിയോഗിച്ചുകൊണ്ടിരിക്കുന്നതും, കാലാവധി കഴിഞ്ഞ സഹകരണ സംഘങ്ങളിൽ യഥാസമയം തെരഞ്ഞെടുപ്പ് നടത്താതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ സംഘങ്ങളിൽ ജനാധിപത്യ ഭരണം ഇല്ലാതാക്കുന്ന ഇത്തരം നടപടികൾ നിയന്ത്രിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പിരിച്ചുവിടപ്പെട്ട ഭരണസമിതിക്ക് വീണ്ടും അധികാരം തിരിച്ചുനൽകാൻ ഏതെങ്കിലും സംഘത്തിന്റെ കാര്യത്തിൽ ബഹു.ഹൈക്കോടതി വിധി പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടോ; ഏതെല്ലാം സംഘങ്ങളുടെ കാര്യത്തിൽ ഇത്തരത്തിൽ സംഭവിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ, അഡ്മിനിസ്ട്രേറ്ററോ ഭരണം നടത്തിവരുന്ന സംഘങ്ങൾ എത്രയാണ്;

(ഇ) ഇത്തരത്തിൽ സംഘം ഭരണസമിതികൾ പിരിച്ചുവിട്ട സഹകരണ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 32 അനുശാസിക്കുന്ന പ്രകാരം സംഘങ്ങളുടെ പ്രവർത്തന വൈകല്യം കാരണം സംഘം ഭരണസമിതികളെ പിരിച്ചുവിടുകയും, സംഘം പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുന്നതിനും സംഘത്തിൽ പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനുമായി അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയെ നിയമിക്കാറുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 46 സംഘം ഭരണസമതികളെ ഇപ്രകാരം പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയെ നിയമിച്ചിട്ടുണ്ട്. ഇവയിൽ 8 സംഘം ഭരണസമതികളെ പിരിച്ചുവിട്ട ഉത്തരവ് കോടതി റദ്ദ് ചെയ്തിട്ടുണ്ട്. 24 സംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതി അധികാരം ഏറ്റെടുത്തിട്ടുണ്ട്. സംഘത്തിന്റെ സാമ്പത്തിക പ്രതിസന്ധി, അംഗങ്ങളുടെ താൽപ്പര്യമില്ലായ്മ, കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങൾ, മതിയായ രേഖകളുടെ അഭാവം എന്നീ കാരണങ്ങളാലാണ് ഇവയിൽ യഥാസമയം തെരഞ്ഞെടുപ്പ് നടത്താൻ കഴിയാത്തത്.

(ബി) സംഘങ്ങളുടെ പ്രവർത്തനത്തിലെ പോരായ്മ കൊണ്ട് മാത്രമാണ് നിയമം അനുശാസിക്കുന്ന പ്രകാരം ഭരണസമതികളെ പിരിച്ചു വിട്ടിട്ടുള്ളത്.

(സി) പിരിച്ചുവിടപ്പെട്ട 46 സംഘം ഭരണസമതികളിൽ 8 സംഘങ്ങളുടെ ഭരണസമതികൾക്ക് അധികാരം തിരികെ നൽകുന്നതിന് ബഹു. ഹൈക്കോടതി വിധി പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്. അവ ഇനി പറയുന്നവയാണ് :

1. പരശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്ക്, കൊല്ലം.
3. ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, പത്തനംതിട്ട.

LIBRARY ARCHIVES Kerala Legislative Assembly

4. തലവടി സർവ്വീസ് സഹകരണ ബാങ്ക്, ആലപ്പുഴ.

5. ഇടുക്കി ജില്ലാ എക്സ് സർവ്വീസ് മെൻ സഹകരണ സംഘം.

6. ചോറോട് സർവ്വീസ് സഹകരണ ബാങ്ക്, കോഴിക്കോട്.

7. കൊല്ലങ്കോട് പട്ടികജാതി സർവ്വീസ് സഹകരണ ബാങ്ക്, പാലക്കാട്.

8. കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്ക്, പാലക്കാട്.

ഇവയിൽ ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയുടെ ഭരണ സമിതികളെ പിരിച്ച് വിട്ട ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്തെങ്കിലും ഇതിനോടകം തന്നെ ടി ഭരണസമതികളുടെ കാലാവധി കഴിഞ്ഞതിനാൽ അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയുണ്ടായി. കൂടാതെ മട്ടാഞ്ചേരി മഹാജനിക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, പാലക്കാട് ജില്ലാ മൊത്ത വ്യാപാര കൺസ്യൂമർ സ്റ്റോർ എന്നീ സംഘങ്ങളിൽ വകുപ്പ് 33 പ്രകാരം അഡ്മിനിസ്ട്രേറ്ററെ നിയമിച്ച ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. ഇതിൽ മട്ടാഞ്ചേരി മഹാജനിക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിൽ അഡ്മിനിസ്ട്രേറ്ററെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്തതിനെ തുടർന്ന് ടി ഭരണസമിതിക്ക് അധികാരം തിരികെ നൽകുന്നതിനുള്ള ഉത്തരവ് എറണാകുളം ജോയിന്റ് രജിസ്ട്രാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവ് ബഹു. ഹൈക്കോടതി ഇപ്പോൾ റദ്ദാക്കിയിട്ടുണ്ട്.

(ഡി) അഡ്മിനിസ്ട്രേറ്റർ ഭരണം നടത്തുന്ന 591 സഹകരണ സംഘങ്ങളും, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം നടത്തുന്ന 169 സഹകരണ സംഘങ്ങളും ഉണ്ട്.

(ഇ) സംഘങ്ങളുടെ പ്രവർത്തന വൈകല്യം/പോരായ്മ കൊണ്ടാണ് സഹകരണ നിയമം അനുശാസിക്കുന്ന പ്രകാരം സംഘം ഭരണസമിതികൾ പിരിച്ചു വിടേണ്ടതായി വരുന്നത്. ആയതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതില്ല.

വാർഷിക പദ്ധതികളുടെ സമയബന്ധിതമായ അവലോകനം

17 (*347) ഡോ. കെ. ടി. ജലീൽ :

ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകൾ നടപ്പാക്കേണ്ട വാർഷിക പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ഫലപ്രദമായി പണം ചെലവഴിക്കുന്നുണ്ടോയെന്ന് അവലോകനം നടത്താറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly